# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.12 08.02.2016 ൽ മറുപടിക്ക്

## അടിസ്ഥാന വികസന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ സി.കെ സദാശിവൻ** | | **ശ്രീ ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| എ) | ഡിസ്ട്രിക്റ്റ് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചറൽ പ്രോജക്റ്റിൻ കീഴിൽ പതിനാല് ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏതൊക്കെയാണ്; | എ) | ഡിസ്ട്രിക്റ്റ് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചറൽ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ പട്ടിക **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു. |
| ബി) | ഈ പദ്ധതികൾക്കുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ടോ; | ബി) | ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പദ്ധതികൾക്കും സ്ഥലമെടുപ്പ് ആവശ്യമില്ല. ചില പദ്ധതികളുടെ സ്ഥലമെടുപ്പ് പുരോഗമിച്ചു വരുന്നു. സ്ഥലമെടുപ്പ് ആവശ്യമുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | ഇപ്രകാരമുള്ള പദ്ധതികൾക്ക് എത്ര കോടി രൂപ അനുവദിക്കുമെന്നായിരുന്നു 2015-16 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്; ഇതിനായി പൊതു വിപണിയിൽ നിന്ന് കണ്ടെത്തിയ പണം എത്ര; ഇതിനായി പിൻവലിച്ച തുക എത്ര; | സി) | സർക്കാർ പൊതു വിപണിയിൽ നിന്നും സമാഹരിക്കുന്ന ഫണ്ടിൽ നിന്നും 1400/-കോടി രൂപ ഈ പദ്ധതികൾക്കായി മാറ്റി വയ്ക്കുമെന്നായിരുന്നു 2015-16 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. എന്നാൽ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഡീസലിന്റെയും പെട്രോളിന്റെയും ഒരു രൂപ ക്രമത്തിലുള്ള അധിക വിൽപന നികുതിയുടെ 50% ഈ പദ്ധതികളുടെ നടത്തിപ്പിനായി അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യപാദത്തിലുള്ള അധിക വിൽപന നികുതി വിഹിതമായ 50കോടി രൂപ പദ്ധതിയുടെ ധനസമാഹരണ ചുമതലയുള്ള കേരള റോഡ് ഫണ്ട് ബോർഡിന് അനുവദിക്കണമെന്ന ശുപാർശ പരിഗണിച്ചു വരികയാണ്. |
| ഡി) | പ്രസ്തുത പദ്ധതികളുടെ റിപ്പോർട്ട് തയ്യാറാക്കിയത് ഏതു ഏജൻസികളാണ്; ഓരോ പദ്ധതിയുടെയും പ്രോജക്ട് റിപ്പോർട്ട് പ്രകാരം കണക്കാക്കപ്പെട്ട പദ്ധതി ചെലവ് എത്ര കോടി രൂപ വീതമാണ് എന്ന് വ്യക്തമാക്കുമോ ? | ഡി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്. 15 പദ്ധതികളുടെ റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. റിപ്പോർട്ട് തയ്യാറാക്കിയ ഏജൻസികളുടെ പേരും ഓരോ പദ്ധതിക്കും |

കണക്കാക്കപ്പെട്ടിട്ടുള്ള അടങ്കൽ ചെലവും **അനുബന്ധം** 2 ആയി ചേർക്കുന്നു. മറ്റ് പദ്ധതികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം – I

| Sl No | Mega projects | Projects Cost Rs.in Cr |
|---|---|---|
| 1 | Pravachambalam – Vazhimukku road four laning (6.5km) (Karamana – Kaliyikkavila Phase II – Reach II) | 160.00 |
| 2 | Upgradation of Chavara KMML Jn - Kuttivattom – Arinalloor - Padappanal-Karalimukku- Kadapuzha – Kundara – IT Park-Kottiyam Road | 50.00 |
| 3 | Enath – Elamkulam-Chandanappally – Vallikkodu – Vakayar-Konni – Thannithodu-Chittar - Anamuzhi-Plappally (75km) | 100.00 |
| 4 | Valiya Azheekkal Bridge (across Kayamkulam lake connecting Kollam & Alappuzha districts – 840m) | 110.00 |
| 5 | Cherthala – Vechoor - Kumarakom – Kodimatha Chira - KK Road Kodimatha - Manarcaud bypass road phase I | 801.10 |
| 6 | Kuruthikalam – Velliymattom - Thodupuzha – Njarukutty-Vannappuram - Cheruthony road | 119.00 |
| 7 | Pulleppady – Thammanam - Chakkaraparambu (NH Bypass) including Land Acquisition | 300.00 |
| 8 | Vyttila Flyover | 90.00 |
| 9 | Kundannoor Flyover | 85.00 |
| 10 | Improvements to Munampam Kavala – Varapuzha Road (NH 17) | 120.00 |
| 11 | Padinjarekkotta flyover | 35.00 |
| 12 | Choondal - Guruvayoor - Chavakkad (11.5km) four laning | 130.00 |
| 13 | Palakkad link bypasses | 25.30 |
| 14 | Kuttippuram Engineering College – Kumbidi – Thrithala- V.K Kadavu – Pattambi – Chenganamkunnu – Shornur Road including bridge at Pattambi | 120.00 |
| 15 | Nadukani – Vazhikadavu - Nilambur – Edavanna - Manjery – Malappuram – Vengara – Thiroorangadi - Parappanagadi | 300.00 |
| 16 | Mananchira - Vellimadukunnu road four laning | 412.38 |
| 17 | Thondayad fly over | 90.00 |
| 18 | Ramanattukara flyover | 90.00 |
| 19 | Sulthan Bathery bypass (5km - NH 212, including Land Acquisition) | 100.00 |
| 20 | Hill highway (Cherupuzha – Payyavoor – Ulickal - Vallithodu-59.415km) | 314.31 |
| 21 | Hill Highway (Nandarapadavu - Cherupuzha 33km) | 219.38 |
| | **TOTAL** | **3771.47** |

അനുബന്ധം - 2

## ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകൾ

| ക്രമ നമ്പർ | ജില്ല | പ്രോജക്ട് | വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള അടങ്കൽ തുക | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ ഏജൻസി |
|---|---|---|---|---|
| 1. | തിരുവനന്തപുരം | കരമന - കളിയിക്കാവിള റോഡിന്റെ ആദ്യ ഘട്ടത്തിന്റെ രണ്ടാം റീച്ച് - പ്രാവച്ചമ്പലം - വഴിമുക്ക് (6.5 കി.മീ.) നാലു വരിപ്പാതയായി വികസിപ്പിക്കൽ | 176 കോടി | പി.ഡബ്ല്യൂ.ഡി എൻ.എച്ച് |
| 2. | കൊല്ലം | ചവറ കെ.എം.എം.എൽ ജംഗ്ഷൻ - കുറ്റിവട്ടം - അരിനല്ലൂർ - പടപ്പനാൽ - കാരാളിമുക്ക് - കടപുഴ - കുണ്ടറ - ഐ.ടി. പാർക്ക് - കൊട്ടിയം റോഡ് പുനരുദ്ധാരണം (32കി.മീ.) | 50 കോടി | പി.ഡബ്ല്യൂ.ഡി റോഡ്സ് |
| 3. | ആലപ്പുഴ | കായംകുളം കായലിന് കുറുകെ ആലപ്പുഴ - കൊല്ലം ജില്ലകളെ ബന്ധിപ്പിക്കുന്ന വലിയ അഴീക്കൽ പാലം നിർമ്മാണം (840 മീറ്റർ) | 146.50 കോടി | പി.ഡബ്ല്യൂ.ഡി റോഡ്സ് |
| 4. | കോട്ടയം | കോടിമത - മണർക്കാട് ബൈപ്പാസ് റോഡ് ഒന്നാം ഘട്ടം | 145 കോടി | പി.ഡബ്ല്യൂ.ഡി റോഡ്സ് |
| 5. | ഇടുക്കി | കുരുതിക്കളം - വെള്ളിയാമറ്റം - തൊടുപുഴ - ഞാറുകുറ്റി - വണ്ണപ്പുറം - ചെറുതോണി റോഡ് | 124 കോടി | പി.ഡബ്ല്യൂ.ഡി റോഡ്സ് |
| 6. | എറണാകുളം | വൈറ്റില ഫ്ളൈഓവർ | 90 കോടി | പി.ഡബ്ല്യൂ.ഡി എൻ.എച്ച് |
| 7. | എറണാകുളം | കുണ്ടന്നൂർ ഫ്ളൈഓവർ | 85 കോടി | പി.ഡബ്ല്യൂ.ഡി എൻ.എച്ച് |
| 8. | പാലക്കാട് | പാലക്കാട് ലിങ്ക് ബൈപ്പാസുകൾ | 14.10 കോടി | പി.ഡബ്ല്യൂ.ഡി റോഡ്സ് |
| 9. | പാലക്കാട് | കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് - ഷൊർണ്ണൂർ റോഡ് (പട്ടാമ്പി പാലം ഉൾപ്പടെ) | 87 കോടി | പി.ഡബ്ല്യൂ.ഡി റോഡ്സ് |
| 10. | മലപ്പുറം | നാടുകാണി - വഴിക്കടവ് - നിലമ്പൂർ - എടവണ്ണ - മഞ്ചേരി - മലപ്പുറം - വേങ്ങര - തിരൂരങ്ങാടി - പരപ്പനങ്ങാടി (90 കി.മീ.) | 450 കോടി | പി.ഡബ്ല്യൂ.ഡി റോഡ്സ് |

| | | | | |
|---|---|---|---|---|
| 11. | കോഴിക്കോട് | മാനാഞ്ചിറ - വെള്ളിമാടുകുന്ന് റോഡ് നാലുവരി വികസനം - 8.4 കി.മീ. | 412.38 കോടി | കെ.ആർ.എഫ്.ബി. |
| 12. | കോഴിക്കോട് | തൊണ്ടയാട് ഫ്ളൈഓവർ | 59 കോടി | പി.ഡബ്ല്യൂ.ഡി എൻ.എച്ച് |
| 13. | കോഴിക്കോട് | രാമനാട്ടുകര ഫ്ളൈഓവർ (ചെറുപുഴ - പയ്യാവൂർ 46.25 കി.മീ.) | 85 കോടി | പി.ഡബ്ല്യൂ.ഡി എൻ.എച്ച് |
| 14. | കണ്ണൂർ | മലയോര ഹൈവേ | 237.20 കോടി | പി.ഡബ്ല്യൂ.ഡി എൻ.എച്ച് |
| 15. | കാസറഗോഡ് | മലയോര ഹൈവേ (നന്ദാരപടവ് - ചെറുപുഴ 33 കി.മീ.) | 135.70 കോടി | പി.ഡബ്ല്യൂ.ഡി റോഡ്സ് |
| 16. | പത്തനംതിട്ട | ഏനാത്ത് - ഏലംകുളം - ചന്ദനപ്പള്ളി - വള്ളിക്കോട് - വകയാർ - കോന്നി - തണ്ണിത്തോട് - ചിറ്റാർ - ആനമുഴി - പ്ലാപ്പള്ളി (75 കി.മീ.) | വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമല്ല | പി.ഡബ്ല്യൂ.ഡി റോഡ്സ് |
| 17. | എറണാകുളം | പുല്ലേപ്പടി - തമ്മനം - എൻ.എച്ച്. ബൈപ്പാസ് 3.245 കി.മീ. | വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമല്ല | പി.ഡബ്ല്യൂ.ഡി റോഡ്സ് |
| 18. | തൃശ്ശൂർ | പടിഞ്ഞാറേക്കോട്ട ഫ്ളൈ ഓവർ | വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമല്ല | പി.ഡബ്ല്യൂ.ഡി റോഡ്സ് |
| 19. | തൃശ്ശൂർ | ചൂണ്ടൽ - ഗുരുവായൂർ - ചാവക്കാട് (11.5 കി.മീ.) നാലുവരി റോഡ് വികസനം | വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമല്ല | പി.ഡബ്ല്യൂ.ഡി റോഡ്സ് |
| 20. | വയനാട് | സുൽത്താൻ ബത്തേരി ബൈപ്പാസ് (എൻ.എച്ച് 212) 5 കി.മീ. | വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമല്ല | പി.ഡബ്ല്യൂ.ഡി എൻ.എച്ച് |

[signature]

S.O